നിരോധിത പുകയില ഉൽപന്നങ്ങളുമായി പിടിയിൽ
=============================================




കൊട്ടാരക്കര: 4 ലക്ഷം രൂപ വിലമതിക്കുന്ന നിരോധിത പുകയില ഉൽപന്നങ്ങളുമായി 2 പേർ പിടിയിൽ. തിരുവനന്തപുരം വെള്ളറട പൊന്നാമ്പി പണയപ്പാടി വീട്ടിൽ എസ്.ഷാജി (38), കൊട്ടാരക്കര പൊലിക്കോട് ജംഗ്ഷന് സമീപം ഉത്രാടം ബേക്കറി നടത്തുന്ന ആർ. രാജേന്ദ്രൻപിള്ള (43) എന്നിവരാണ് പിടിയിലായത്. ബഹു. കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ. ഹരിശങ്കർ IPS ന് ലഭിച്ച രഹസ്യ വിവരത്തെത്തുടർന്ന് എം.സി റോഡിൽ നടത്തിയ വാഹനപരിശോധനയിൽ ഫെയ്ത്ഹോം ജംഗ്ഷനിൽ വച്ചാണ് ആഡംബര വാഹനത്തിൽ 2 ചാക്ക് നിരോധിത പുകയില ഉൽപന്നങ്ങളുമായി എത്തിയ ഷാജി പിടിയിലായത്. ഇയാളെ ചോദ്യം ചെയ്തപ്പോഴാണ് 4 ചാക്ക് നിരോധിത പുകയില ഉൽപന്നങ്ങൾ പൊലിക്കോട് ഉത്രാടം ബേക്കറിയിലുണ്ടെന്ന വിവരം ലഭിച്ചത്. തുടർന്ന് ബേക്കറിയിൽ പരിശോധന നടത്തി ഇവ പിടികൂടിയ ശേഷം രാജേന്ദ്രൻപിള്ളയെയും കസ്റ്റഡിയിൽ എടുത്തു. ഷാജി മാർത്താണ്ഡത്ത് നിന്ന് കൊല്ലം ജില്ലയിലേക്ക് ലഹരി വസ്തുക്കൾ എത്തിക്കുന്ന ആളാണ്. മുൻപും

പിടിയിലായിട്ടുള്ള രാജേന്ദ്രൻപിള്ള ജില്ലയിലെ ലഹരി വസ്തു വിൽപനയുടെ മുഖ്യകണ്ണിയാണ്. ഇവരിൽ നിന്നും 6000 പായ്ക്കറ്റ് ഉൽപന്നങ്ങളാണ് പിടികൂടിയത്. കൊട്ടാരക്കര ഡി.വൈ.എസ്.പി. എ.നാസറുദ്ദീൻ, എസ്.എച്ച്.ഒ. ടി.എസ് ശിവപ്രകാശ്, എസ്.ഐ. സാബുജി, എ.എസ്.ഐ. മാരായ മോഹനൻപിള്ള, വിജയകുമാർ എന്നിവരുടെ നേതൃത്വത്തിലായിരുന്നു അറസ്റ്റ്. കോടതി പ്രതികളെ റിമാൻഡ് ചെയ്തു..

**കൊല്ലം റൂറൽ പോലീസ്**